**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - ആപൽക്കരമായ വസ്തുക്കൾ അടങ്ങിയിട്ടുള്ള ഇ-മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ശേഖരിക്കേണ്ടിവരുന്ന സാഹചര്യങ്ങളിൽ കിലോഗ്രാമിന് **40/-** രൂപ എന്ന നിരക്കിനോടൊപ്പം നിലവിലുള്ള സേവന നികുതി **(18%)** കൂടി അതാത് സ്ഥാപനങ്ങളിൽ നിന്നും (സർക്കാർ/സർക്കാരിതര /പൊതുമേഖല) ഈടാക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3227/ 2018/ തസ്വഭവ തിരുവനന്തപുരം, തീയതി 22.12.2018

---

പരാമർശം :- 1 സ.ഉ (സാധാ) നം. 3326/ 2017/ തസ്വഭവ തീയതി 17.10.2017

2 ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ 30.11.2018 ലെ A24/ CKCL/ 2018 നമ്പർ കത്ത്

**ഉത്തരവ്**

ആപൽക്കരമായ വസ്തുക്കൾ അടങ്ങിയിട്ടുള്ള ഇ-മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് ശേഖരിക്കേണ്ടി വരുന്ന സാഹചര്യങ്ങളിൽ കിലോഗ്രാമിന് 40 രൂപ എന്ന നിരക്കിൽ അവ നൽകുന്ന അതാത് സ്ഥാപനങ്ങളിൽ നിന്നും (സർക്കാർ/സർക്കാരിതര /പൊതുമേഖല ) ഈടാക്കുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം ശേഖരിക്കുന്ന ഇ- മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണത്തിനായി ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനത്തിന് ഇവയുടെ സംസ്കരണത്തിന് ചിലവാകുന്ന തുകയോടൊപ്പം 18 % സേവന നികുതി നൽകേണ്ടതായിട്ടുണ്ട് എന്നും മേൽ സാഹചര്യത്തിൽ ആപൽക്കരമായ വസ്തുക്കൾ അടങ്ങിയിട്ടുള്ള ഇ-മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് ശേഖരിക്കേണ്ടി വരുന്ന സാഹചര്യങ്ങളിൽ കിലോഗ്രാമിന് 40 രൂപ എന്ന തുകയോടൊപ്പം 18 ശതമാനം സേവന നികുതി കൂടി അധികമായി ഉൾപ്പെടുത്തി ഈടാക്കുന്നതിന് അനുമതി നൽകണമെന്നും ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിങ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2 സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ആപൽക്കരമായ വസ്തുക്കൾ അടങ്ങിയിട്ടുള്ള ഇ-മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ശേഖരിക്കേണ്ടിവരുന്ന സാഹചര്യങ്ങളിൽ, പരാമർശം(1) പ്രകാരം നിശ്ചയിച്ചിട്ടുള്ള കിലോഗ്രാമിന് 40/-രൂപ എന്ന നിരക്കിനോടൊപ്പം നിലവിലുള്ള സേവന നികുതി

(18%) കൂടി അതാത് സ്ഥാപനങ്ങളിൽ (സർക്കാർ/സർക്കാരിതര/പൊതുമേഖല) നിന്നും ഈടാക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു.എൽ**

**ഗവ.സ്പെഷ്യൽ സെക്രട്ടറി**

മാനേജിങ് ഡയറക്ടർ ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം
എല്ലാ വകുപ്പ് അധ്യക്ഷന്മാർക്കും (ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മുഖേന )
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, പൊതുവിദ്യാഭാസ വകുപ്പ്/ ഹയർസെക്കണ്ടറി വിദ്യാഭാസം/ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭാസം
എല്ലാ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ നഗര സഭകൾക്കും /കോർപറേഷനുകൾക്കും (നഗര കാര്യ ഡയറക്ടർ മുഖേന )
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ